# Malayala Manorama

## 19 August 2018

## Kochi, Flood, Flood Victims

### വീടു വിട്ടുപോവാൻ വിസമ്മതിച്ച് പതിനായിരത്തോളം പേർ

കൊച്ചി ● ജില്ലയിലെ വെള്ളപ്പൊക്ക പ്രദേശങ്ങളിൽ കുടുങ്ങിയവരും വീടു വിട്ടുപോവാൻ വിസമ്മതിക്കുന്നവരുമായി പതിനായിരത്തോളം പേർ. വെള്ളത്താൽ ചുറ്റപ്പെട്ടവരുടെ കൃത്യമായ വിവരങ്ങൾ ലഭിക്കാത്തതു രക്ഷാപ്രവർത്തനത്തിനു തടസ്സമാവുന്നു. 16 മുതൽ വീടുകളുടെ രണ്ടാം നിലയിൽ കഴിയുന്നവരുടെ എണ്ണം ഏഴായിരത്തോളം വരും. രണ്ടുനില വീടുകളിൽ താമസിക്കുന്നവർ പോവാൻ വിസമ്മതിക്കുന്നതും എല്ലാവരെയും സുരക്ഷിത സ്ഥാനങ്ങളിലെത്തിക്കാൻ തടസ്സമാവുന്നുണ്ട്.

ഹെലികോപ്റ്ററുകളിൽ ഭക്ഷണ സാധനങ്ങൾ എത്തിച്ചെങ്കിലും ദുരിതാശ്വാസ ക്യാംപുകൾ സ്ഥിതി ചെയ്യുന്ന സ്ഥലങ്ങളിലെ വെള്ളക്കെട്ട് പൊതികൾ താഴേക്കിടാൻ ബുദ്ധിമുട്ടായി. ചെറുബോട്ടുകൾ കൂടുതലുണ്ടെങ്കിൽ രക്ഷാപ്രവർത്തനം കൂടുതൽ ഊർജിതമാക്കാൻ കഴിയും.

പ്രളയ്ബാധിത മേഖലയിൽ നിന്ന് 54800 പേരെ രക്ഷപ്പെടുത്തി. ബോട്ട്, ഹെലികോപ്റ്റർ, ചെറുവഞ്ചികൾ എന്നിവയിലൂടെയും ബാർജിലൂടെയുമാണ് ഇവരെ രക്ഷിച്ചത്. ഉച്ചയ്ക്കു ശേഷം വെള്ളമിറങ്ങിയതോടെ ഒട്ടേറെ പേർ റോഡ് മാർഗവും രക്ഷപ്പെട്ടു.15 പേരെ വ്യോമസേനയും 237 പേരെ നേവിയുമാണു രക്ഷപ്പെടുത്തിയത്. ഹെലികോപ്ടർ വഴി ആകെ 252 പേരെയാണ് ഇന്നു രക്ഷപ്പെടുത്തിയത്.